**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് - ആർ.ഐ.ഡി.എഫ് - ട്രാഞ്ചെ IIII വെട്ടിക്കവല ബ്ളോക്കിലെ വെണ്ടാർ മൂഴിക്കോട് റോഡ് നിർമ്മാണം - 1999 SoR നിരക്ക് പ്രകാരം കണക്കാക്കിയിട്ടുള്ള 29,27,736.76/- രൂപയിൽ ഇതുവരെ നൽകിയ തുക കിഴിച്ച് ബാക്കി തുക കരാറുകാരന്റെ പവർ ഓഫ് അറ്റോർണിയായ കൊട്ടാരക്കര വെണ്ടാർ, കോട്ടാത്തല, ചൈതന്യം(ഉമ്മറപ്പള്ളിൽ) വീട്ടിൽ ശ്രീ.ബി.സത്യശീലന് നൽകാൻ അനുമതി നല്കി ഉത്തരവാകുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം. 350 2017/തസ്വഭവ തിരുവനന്തപുരം, തീയതി, 7-2-2017**

================================================================

പരാമർശം:- ശ്രീ . സത്യശീലൻ, ചൈതന്യം(ഉമ്മറപ്പള്ളിൽ), കോട്ടാത്തല , വെണ്ടാർ, കൊട്ടാരക്കര ബഹു മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച 20 - 09 - 2016 ലെ നിവേദനം.

**ഉത്തരവ്**

നബാർഡ് - ആർ.ഐ.ഡി.എഫ് ട്രാഞ്ചെ III ൽ ഉൾപ്പെടുത്തി വെട്ടിക്കവല ബ്ളോക്കിലെ വെണ്ടാർ മൂഴിക്കോട് റോഡ് നിർമ്മാണ പ്രവൃത്തി 1996 ലെ എസ് ഒ ആർ പ്രകാരം 11 % അധികരിച്ച നിരക്കിൽ 15,26,441 രൂപയ്ക്ക് ശ്രീ ബി. സുന്ദരൻ, ചൈതന്യം, വല്ലം, നെടുവത്തൂർ എന്നയാൾ 8 /6/ 1999 ൽ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവർത്തി ഏറ്റെടുത്തിരുന്നു എന്നാൽ 1 /7 /1999 ൽ പുതിയ എസ്.ഒ.ആർ നിലവിൽ വന്നതിനാലും ഇക്കാലയളവിൽ വസ്തു കൈമാറ്റം മാത്രം നടന്നതിനാലും പുതുക്കിയ എസ് ഒ ആർ പ്രകാരമുള്ള നിരക്ക് നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടു . L B S Centre for Science and Technology യുടെ നിർദ്ദേശ പ്രകാരം ടി നിർമ്മാണ പ്രവർത്തിയുടെ അടങ്കൽതുക 16,42,821/- രൂപയായി പുതുക്കി നിശ്ചയിച്ചു. നിർമ്മാണം ഏറ്റെടുത്ത് എഗ്രിമെന്റ് വെച്ചത് ശ്രീ ബി.സുന്ദരൻ എന്ന വ്യക്തിയാണെങ്കിലും 17.12.1999 ലെ പവർ ഓഫ് അറ്റോർണി പ്രകാരം പ്രസ്തുത നിർമ്മാണം 31.3.2002 ൽ പൂർത്തിയാക്കിയത് ശ്രീ ബി . സത്യശീലൻ എന്ന വ്യക്തിയാണ്. എന്നാൽ റോഡിന്റെ നിർമ്മാണ ജോലികൾ 2002 ൽ പൂർത്തിയാക്കിയിട്ടും ബിൽ ക്ലോസ്സ് ചെയ്ത് ഫൈനൽ ബിൽ തുക ലഭ്യമാക്കാത്തതിനെതിരെ ശ്രീ.ബി.സത്യശീലൻ ബഹു.ഹൈക്കോടതിയിൽ പല കേസ്സുകൾ ഫയൽ ചെയ്യുകയും സർക്കാരിൽ നിവേദനങ്ങൾ സമർപ്പിക്കുകയുമുണ്ടായി.

2. നിർമ്മാണ പ്രവൃത്തിയുടെ ബില്ലുകളും അളവുകളും 1999 ലെ നിരക്കനുസരിച്ച് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് അത് റദ്ദ് ചെയ്തതായി കാണുന്നു. യാതൊരു അനുമതിയില്ലാതെ 1999 ലെ S.O.R അനുസരിച്ച് ബില്ല് രേഖപ്പെടുത്തിയതിനാലും അത് പിന്നീട് റദ്ദ് ചെയ്തതിനാലും കരാറുകാരന് 1999-ലെ നിരക്കനുസരിച്ചുള്ള തുക നൽകിയിരുന്നില്ല. പുതുക്കിയ എസ്റ്റിമേറ്റായ 16,42,821/- രൂപയിൽ ബാലൻസ് തുകയായ 1,42,206/- രൂപ ലഭിക്കുന്നതിന് കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ Wp(c)5972/2008 പ്രകാരം ഫയൽ ചെയ്ത കേസ്സിലെ 5.6.2013

ലെ വിധി പ്രകാരം കരാറുകാരന് 1996 SOR അനുസരിച്ച് ബാക്കി നൽകാനുള്ള തുക ഒരു മാസത്തിനകം നൽകാൻ ഉത്തരവായെങ്കിലും ബാക്കി നൽകാനുണ്ടെന്ന് കണക്കാക്കിയ തുകയായ 1,42.206/- രൂപ കൈമാറുന്നത് 10-10-2014 തീയതിയിലാണ്.

3. 1999 ലെ എസ് ഒ ആർ പ്രകാരം എഗ്രിമെന്റ് വെച്ച് നിർമ്മാണം ഏറ്റെടുത്തെങ്കിലും സ്ഥലം കൈമാറി നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പുതുക്കിയ എസ് ഒ ആർ 1 /7 /1999 ൽ നിലവിൽ വന്നതിനാൽ പ്രസ്തുത എസ് ഒ ആർ പ്രകാരമുള്ള എസ്റ്റിമേറ്റ് അനുസരിച്ച് തുക അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം പ്രകാരം ശ്രീ ബി. സത്യശീലൻ ബഹു മുഖ്യമന്ത്രി മുമ്പാകെ നിവേദനം സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു . ആർ.ഐ.ഡി.എഫ്-ന്റെ പ്രവർത്തികളിൽ എഗ്രിമെന്റ് വെച്ച് കഴിഞ്ഞാൽ പ്രവർത്തി പൂർണ്ണമായും ആ റേറ്റിൽ തന്നെ ചെയ്യേണ്ടതാണ്. എന്നാൽ 2004 ലെ നബാർഡ്-ആർ.ഐ.ഡി.എഫ് ചട്ടപ്രകാരം പ്രവർത്തി നടക്കുമ്പോൾ നിലവിലുള്ള എസ് ഒ ആർ കമ്മിഷണറുടെ ഉത്തരവോടുകൂടി നൽകാമെന്ന് വ്യവസ്ഥയുണ്ട്. 1996 ലെ എസ്. ഒ.ആർ പ്രകാരം വെണ്ടാർ മൂഴിക്കോട് റോഡ് നിർമ്മാണ പ്രവർത്തിയ്ക്ക് 15,26,441/- രൂപയ്ക്കാണ് എഗ്രിമെന്റ് വെച്ചതെങ്കിലും 1999 ലെ എസ് ഒ ആർ അനുസരിച്ച് പുതുക്കിയ അടങ്കൽ തുക 29,27,736.76/- രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. അപ്രകാരം കണക്കാക്കുമ്പോൾ കരാറുകാരൻ കൈപ്പറ്റിയ തുക കിഴിച്ച് 9,66,343.76/-രൂപ നൽകേണ്ടതുണ്ട് . പ്രവർത്തികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ പുതിയ എസ് ഒ ആർ നിലവിൽ വന്നതും നിർമ്മാണം പൂർത്തിയാക്കിയ ശ്രീ.ബി.സത്യശീലൻ ഒരു ക്യാൻസർ രോഗിയാണെന്ന മാനുഷിക പരിഗണനയും ടിയാന്റെ ശാരീരികവും സാമ്പത്തികവുമായ അവശതയും കണക്കിലെടുത്തും പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയതിനാലും **1996**-ലെ എസ് ഒ ആർ പ്രകാരം 15,26,441/- രൂപയ്ക്ക് എഗ്രിമെന്റ് വച്ചെങ്കിലും വസ്തു കൈമാറി നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിന് മുൻപുതന്നെ പുതിയ എസ് ഒ ആർ 01-07-99-ൽ നിലവിൽ വന്നതുകൊണ്ടും RIDF-ന്റെ നിലവിലുള്ള ചട്ട പ്രകാരം വെണ്ടാർ - മൂഴിക്കോട് റോഡിന്റെ നിർമ്മാണം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് 1999 എസ് ഒ ആർ നിരക്ക് പ്രകാരമുള്ള 29,27,736.76/- രൂപയിൽ ഇതുവരെ നൽകിയ 19,61,393/- രൂപ കിഴിച്ച് ബാക്കി 9,66,343.76/- രൂപ കരാറുകാരന്റെ പവർ ഓഫ് അറ്റോർണിയായ ശ്രീ. ബി.സത്യശീലന് നൽകുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ടി കെ ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡവലപ്മെന്റ് ഏജൻസി.

3. സെക്രട്ടറി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് , കൊട്ടാരക്കര.
4. ശ്രീ ബി . സത്യശീലൻ , ചൈതന്യം(ഉമ്മറപ്പള്ളിൽ), കോട്ടാത്തല , വെണ്ടാർ, കൊട്ടാരക്കര.
5. അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്), തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ ( എ & ഇ), തിരുവനന്തപുരം.
7. ധനകാര്യ വകുപ്പ് (Insp Tech-1/199/2016-Fin dtd 31/08/2016 )
8. പൊതുഭരണ (എസ്.സി)വകുപ്പ്(2.2.2017 ലെ ഇനം നം.676 പ്രകാരം)
9. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ